571

ശുചിത്വ മിഷൻ
തദ്ദേശ സ്വയം ഭരണ വകുപ്പ്
കേരള സർക്കാർ

നം.1071/ഇ/2018/എസ് എം

തീയതി: 08 /08/2018

പ്രേക്ഷകൻ
എക്സിക്യൂട്ടീവ് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ വകുപ്പ്/ സ്ഥാപന മേധാവികൾക്കും

സർ,

വിഷയം : - തസ്വഭവ -ശുചിത്വമിഷൻ – ഓഫീസുകളിലെ ഗ്രീൻ പ്രോട്ടോകോൾ- സംസ്ഥാന തല നോഡൽ ഓഫീസർമാരുടെ അവലോകന യോഗ റിപ്പോർട്ട് നടപടി- സംബന്ധിച്ച്

സൂചന : 1 05.10.2017 ലെ സ.ഉ.(സാധാ) നം.3214/2017/തസ്വഭവ

2 04.05.2018ലെ നം. 176/ഡി.സി.1/18/തസ്വഭവ, സർക്കാർ സർക്കുലർ

3 17.07.2018ൽ തിരുവനന്തപുരം വനശ്രീ ആഡിറ്റോറിയത്തിൽ നടന്ന സംസ്ഥാന തല നോഡൽ ഓഫീസർമാരുടെ അവലോകന യോഗം

സൂചന (1, 2) പ്രകാരമുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം സർക്കാർ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്നതിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനും രണ്ടാംഘട്ട പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതുമായി സൂചന (3) പ്രകാരം സംസ്ഥാനതല ഗ്രീൻ പ്രോട്ടോകോൾ നോഡൽ ഓഫീസർമാരുടെ യോഗം സംഘടിപ്പിച്ചിരുന്നു. പ്രസ്തുത അവലോകന യോഗത്തിൽ ഓഫീസുകളിലെ ഒന്നാം ഘട്ട ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങളിലെ വിജയകരമായ പ്രവർത്തനങ്ങളും, ന്യൂനതകളും, രണ്ടാം ഘട്ട പ്രവർത്തനങ്ങളും ചർച്ച ചെയ്യപ്പെട്ടു. ചർച്ചയിൽ രൂപപ്പെട്ട ആശയങ്ങളും നിർദ്ദേശങ്ങളും തീരുമാനിച്ച സമയക്രമം പ്രകാരം തയ്യാറാക്കിയ നടപടിക്രമം തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനായി കത്തിനൊപ്പം ഉൾക്കൊള്ളിക്കുന്നു. കൂടാതെ ടി. യോഗത്തിലെ ആവശ്യ പ്രകാരം പാഴ് പേപ്പറുകൾ ഓഫീസുകളിൽ നിന്നും നീക്കം ചെയ്യുന്നതിന് സ്റ്റേഷനറി വകുപ്പിന് കീഴിലുള്ള റേറ്റ് കോൺട്രാക്റ്റ് സംവിധാനത്തിന്റെ വിശദാംശങ്ങളും കത്തിനൊപ്പം ഉൾക്കൊള്ളിക്കുന്നു. കൂടാതെ രണ്ടാംഘട്ട ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങൾ സംബന്ധിച്ച നടപടിക്രമം അങ്ങയുടെ വകുപ്പിന് കീഴിലെ തദ്ദേശ സ്വയംഭരണസ്ഥാപനതലം വരെയുള്ള ഓഫീസുകളിൽ അയച്ച് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

എക്സിക്യൂട്ടീവ് ഡയറക്ടർ

പകർപ്പ്: എല്ലാ നോഡൽ ഓഫീസർമാർക്കും

സ്വരാജ് ഭവൻ, ബേസ്മെന്റ് ഫ്ളോർ, കവടിയാർ പി.ഒ, തിരുവനന്തപുരം–695003
ഫോൺ: 0471-2316730,2319831, ഫാക്സ് :- 0471- 2312730, ഇ-മെയിൽ : sanitation.sm@kerala.gov.in

VR

373

***ഹരിത ഓഫീസ് – സർക്കാർ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്നതിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമായി സംസ്ഥാനതല നോഡൽ ഓഫീസർമാരെ പങ്കെടുപ്പിച്ച് കൊണ്ട് 17.07.2018ന് ഉച്ചയ്ക്ക് 2 മണിക്ക് വനശ്രീ ആഡിറ്റോറിയം, വഴുതയ്ക്കാട്, തിരുവനന്തപുരത്ത് കൂടിയ യോഗത്തിന്റെ നടപടിക്രമം***

========================================================================

യോഗം ഉച്ചയ്ക്ക് 2 മണിക്ക് ആരംഭിച്ചു.

സർക്കാർ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്നതിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമായാണ് യോഗം ചേർന്നത്. ശ്രീ. ജോൺസൺ പ്രേംകുമാർ , പ്രോഗ്രാം ഓഫീസർ (ട്രെയിനിംഗ്), ശുചിത്വ മിഷൻ, യോഗത്തിൽ പങ്കെടുത്തവർക്ക് സ്വാഗതം പറഞ്ഞു. തുടർന്ന് ഹരിതകേരളം മിഷൻ ഉപാധ്യക്ഷ ഡോ. ടി.എൻ. സീമ, ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ആർ. അജയകുമാർ വർമ്മ എന്നിവരുടെ സാന്നിധ്യത്തിൽ നാളിതുവരെ സർക്കാർ ഓഫീസുകളിൽ നടപ്പിലാക്കിയ ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുകയും അവലോകനം നടത്തുകയും ചെയ്തു. ശേഷം സംസ്ഥാനതലത്തിലെ സർക്കാർ ഓഫീസുകളിൽ ഹരിതകേരളം മിഷന്റെയും ശുചിത്വ മിഷന്റെയും ഉദ്യോഗസ്ഥർ സന്ദർശിച്ച് ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് ശ്രീ. അമീർഷാ ആർ.എസ്സ്, പ്രോഗ്രാം ഓഫീസർ (സി.സി.ഡി.യു) ശുചിത്വ മിഷൻ അവതരിപ്പിച്ചു. ഒന്നാംഘട്ടത്തിൽ സർക്കാർ ഓഫീസുകളിൽ നടത്തപ്പെട്ട ശ്രദ്ധേയമായ പ്രവർത്തനങ്ങളും കണ്ടെത്തിയ ന്യൂനതകളും പരിഹാരം കണ്ടെത്തേണ്ട വിഷയങ്ങളും റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ടു.

തുടർന്ന് നടന്ന പൊതു ചർച്ചയിൽ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നേരിടുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും നോഡൽ ഓഫീസർമാർ അവതരിപ്പിച്ചു. നോഡൽ ഓഫീസർമാർ മുന്നോട്ടുവച്ച നിർദ്ദേശങ്ങളും പങ്കുവെച്ച ആശങ്ങളും ചുവടെ ചേർക്കുന്നു.

- സർക്കാർ കെട്ടിട സമുച്ചയങ്ങളുടെ ചുമതലയുള്ള എസ്റ്റേറ്റ് ഓഫീസർമാർ, ഓഫീസുകളിലെ ഹൗസ് കീപ്പിംഗ് വിഭാഗം ജീവനക്കാർ, പാർട്ട്ടൈം സ്വീപ്പർമാർ എന്നിവർക്ക് മാലിന്യ സംസ്കരണ ഉപാധികൾ

പരിപാലിക്കുന്നതിലും അജൈവ വസ്തുക്കൾ തരംതിരിക്കുന്ന പ്രവൃത്തികളിലും പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുക.

- പാഴ്‌വസ്തുക്കൾ നീക്കം ചെയ്യുന്നതിന് റേറ്റ്കോൺട്രാക്റ്റ് സംവിധാനം ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഏർപ്പെടുത്തൽ .
- ഇ-മാലിന്യങ്ങൾ, ഉപയോഗശൂന്യമായ വാഹനങ്ങൾ, ഫർണീച്ചറുകൾ എന്നിവ നീക്കം ചെയ്യുന്നതിന് പരിശോധന നടത്തൽ, അടിസ്ഥാന വില നിശ്ചയിക്കൽ , സർട്ടിഫിക്കേഷൻ, ലേല നടപടികൾ എന്നിവയുമായി ബന്ധപ്പെട്ട് കാലതാമസമെടുക്കുന്നതിനാൽ പ്രസ്തുത വസ്തുക്കൾ നിരുപാധികം ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നതിന് സർക്കാർ ഉത്തരവ് ലഭ്യമാക്കുക.
- ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനം നോഡൽ ഓഫീസർമാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടിന്റെ (CR) ഭാഗമാക്കുന്നതിന് നടപടി സ്വീകരിക്കൽ.
- ഫയലുകളുടെ റിട്ടൻഷൻ ഷെഡ്യൂൾ തയ്യാറാക്കി ആവശ്യമില്ലാത്ത ഫയലുകൾ, പാഴ്പേപ്പറുകൾ എന്നിവ സ്റ്റേഷനറി വകുപ്പ് പാനൽ ചെയ്ത ഏജൻസികൾക്ക് നൽകി ഒഴിവാക്കൽ
- ഓഫീസുകളിൽ മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കുന്നതിന് ഓഫീസാവശ്യങ്ങൾക്ക് അനുവദിക്കുന്ന തുക (OE ഫണ്ട്) തികയാത്തതിനാൽ ബന്ധപ്പെട്ട വകുപ്പുകളുടെ ബഡ്ജറ്റിൽ കൂടുതൽ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുക.

മുൻ ഖണ്ഡികകൾ പ്രകാരം നോഡൽ ഓഫീസർമാർ മുന്നോട്ട് വെച്ച ആശയങ്ങളും നിർദ്ദേശങ്ങളും യോഗം ചർച്ച ചെയ്തു. ചർച്ചയുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയങ്ങൾക്ക് മേൽ അനുഭാവപൂർവ്വം നടപടി സ്വീകരിക്കുന്നതിനും പ്രശ്ന പരിഹാരത്തിന് ബന്ധപ്പെട്ട സർക്കാർ ഏജൻസികളോട് അഭ്യർത്ഥിക്കുന്നതിനും തീരുമാനമെടുത്തു. തുടർന്ന് രണ്ടാംഘട്ടത്തിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ യോഗം ചർച്ചചെയ്യുകയും ചുവടെ പട്ടികപ്പെടുത്തുകയും പ്രകാരമുള്ള പ്രവർത്തനങ്ങൾ രണ്ടാംഘട്ടത്തിൽ പൂർത്തീകരിക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്തു.

## 2. 2ാം ഘട്ട പ്രവർത്തനങ്ങൾ

| ക്രമ നം. | പ്രവർത്തനങ്ങൾ | കാലഗണന |
|---|---|---|
| 1. | ആദ്യഘട്ട ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങൾ, പൂർത്തീകരിക്കാത്ത ഓഫീസുകളിൽ അടിയന്തിരമായി പ്രസ്തുത പ്രവർത്തനങ്ങൾ നോഡൽ ഓഫീസർമാരുടെ നേതൃത്വത്തിൽ പൂർത്തീകരിച്ച് ഹരിതകേരളം മിഷനും ശുചിത്വ മിഷനും റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. | 2018 ജൂലൈ 30ന് മുമ്പ് |
| 2 | ആദ്യഘട്ട പ്രവർത്തനങ്ങൾ പൂർത്തീകരിച്ച ഓഫീസുകളിൽ ഇനിയും ഫോട്ടോസഹിതമുള്ള റിപ്പോർട്ട് സമർപ്പിക്കാത്തവർ, ശുചിത്വ മിഷനും ഹരിതകേരളം മിഷനും റിപ്പോർട്ട് സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. | 2018 ആഗസ്റ്റ് 1ന് മുമ്പ് |
| 3 | അതാത് ഓഫീസുകളിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ കൈകാര്യം ചെയ്യുന്നതിന് പരിശീലനം ലഭ്യമാക്കേണ്ട ഹൗസ് കീപ്പിംഗ് വിഭാഗം ജീവനക്കാർ, പാർട്ട് ടൈം സ്വീപ്പർമാർ, സർക്കാർ കെട്ടിട സമുച്ചയങ്ങളിലെ എസ്റ്റേറ്റ് ഓഫീസർമാർ എന്നിവരുടെ പേര് വിവരം നോഡൽ ഓഫീസർമാർ ശുചിത്വ മിഷനെയും ഹരിതകേരളം മിഷനെയും രേഖാമൂലം അറിയിക്കേണ്ടതാണ്. | 2018 ആഗസ്റ്റ് 10ന് മുമ്പ് |
| 4. | ഓഫീസുകളിലെ പാഴ്പേപ്പറുകൾ ഉപയോഗശൂന്യമായ ഫയലുകൾ എന്നിവ സ്റ്റേഷനറി വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള റേറ്റ് കോൺട്രാക്ട് പ്രകാരമുള്ള ഏജൻസികൾക്ക് അറിയിപ്പ് നൽകി നീക്കം ചെയ്യുന്നതിന് അതാത് ഓഫീസുകളിലെ നോഡൽ ഓഫീസർമാർ ഓഫീസ് മേധാവികളുമായി കൂടിയാലോചിച്ച് നടപടി സ്വീകരിക്കേണ്ടതാണ് | 2018 ആഗസ്റ്റ് 15ന് മുമ്പ് |
| 5 | ഓഫീസുകളിൽ ജൈവ -അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. | 2018 ആഗസ്റ്റ് 15ന് മുമ്പ് |
| 6 | അജൈവ വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിന് പ്രത്യേകം സംവിധാനം ഒരുക്കേണ്ടതും നിശ്ചിത അളവാകുമ്പോൾ അവ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. സഹായം ആവശ്യമുള്ള പക്ഷം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയോ സംസ്ഥാന/ ജില്ലാ ശുചിത്വ മിഷനുമായോ ബന്ധപ്പെടേണ്ടതാണ്. | 2018 ആഗസ്റ്റ് 15ന് മുമ്പ് |

| | | |
|---|---|---|
| 7. | മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് കൂടുതൽ തുക ആവശ്യമുള്ള പക്ഷം തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറിയ സ്ഥാപനം ആണെങ്കിൽ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനവുമായി ബന്ധപ്പെടാവുന്നതാണ്. അല്ലാത്ത് സർക്കാർ ഓഫീസുകൾ ഡിപ്പാർട്ട്മെന്റ് ഫണ്ടിന് ഉപരിയായി ആവശ്യമായ തുക ഉറപ്പു വരുത്തുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനവുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്. | 2018 ആഗസ്റ്റ് |
| 8. | ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് ആവശ്യമായ പിന്തുണ ലഭ്യമാക്കുന്നതിനായ് അതാത് ഓഫീസുകളിലെ /ഓഫീസുകൾ പ്രവർത്തിക്കുന്ന കെട്ടിട സമുച്ചയങ്ങളിലെ സർവ്വീസ് സംഘടനാ ഭാരവാഹികളുടെ യോഗം വിളിച്ച് ചേർത്ത് സഹകരണം ഉറപ്പാക്കേണ്ടതാണ്. | 2018 ആഗസ്റ്റ് 15 |
| 9. | ഇ-മാലിന്യം, ഉപയോഗശൂന്യമായ ഫർണീച്ചറുകൾ എന്നിവ കാലതാമസം കൂടാതെ നീക്കം ചെയ്യുന്നതിന് ഓഫീസ് മേധാവികളുമായി കൂടിയാലോചിച്ച് നോഡൽ ഓഫീസർമാർ നടപടി സ്വീകരിക്കേണ്ടതാണ്. | 2018 ഒക്ടോബർ 2 |
| 10. | ഓഫീസുകളിൽ ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നേരിട്ട് സ്ഥാപിച്ച് തരുന്നതിന് ചുവടെപ്പറയുന്ന സർക്കാർ അക്രെഡിറ്റഡ് ഏജൻസികളുടെയും സേവന ദാതാക്കളുടെയും സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. ഏജൻസികളുടെ പേര് വിവരങ്ങൾ ചുവടെ കൊടുക്കുന്നു.<br>a) <u>അക്രെഡിറ്റഡ് ഏജൻസികൾ</u> (ടെൻഡർ/ ക്വട്ടേഷൻ ബാധകമല്ല)<br>1. ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (ഐ.ആർ.റ്റി.സി), മുണ്ടൂർ, പാലക്കാട്. ഫോൺ നം. 0491-2832663,2832324<br>2. സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ (എസ്.ഇ.യു.എഫ്), തിരുവനന്തപുരം<br>ഫോൺ നം. 0471 2315907,2725914<br>b) <u>സേവനദാതാക്കൾ</u> (ടെൻഡർ/ ക്വട്ടേഷനുകൾക്ക് വിധേയമായി)<br>സേവനദാതാക്കളുടെ ജില്ല തിരിച്ചുള്ള വിശദവിവരങ്ങൾക്ക്ശുചിത്വമിഷൻവെബ്സൈറ്റ്www.sanitation.kerala.gov.in സന്ദർശിക്കാവുന്നതാണ്. | |

377

ഒക്ടോബർ മാസം 2-ാം തീയതിക്ക് മുമ്പായി രണ്ടാംഘട്ട പ്രവർത്തനങ്ങൾ മുൻപട്ടിക പ്രകാരം പൂർത്തീകരിച്ച് ശുചിത്വ മിഷനും ഹരിതകേരളം മിഷനും ഫോട്ടോ സഹിതമുള്ള റിപ്പോർട്ട് സമർപ്പിക്കുന്നതിന് നോഡൽ ഓഫീസർമാർ ശ്രദ്ധിക്കേണ്ടതാണ്.

യോഗം 5.15pmന് അവസാനിച്ചു.

എക്സിക്യൂട്ടീവ് ഡയറക്ടർ
ശുചിത്വ മിഷൻ

യോഗത്തിൽ പങ്കെടുത്തവർ:

1. ഡോ. റ്റി.എൻ സീമ, എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ
2. ഡോ.ആർ.അജയകുമാർ വർമ്മ, എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ.
3. ഡോ.പി. കെ സനിൽ കുമാർ, ഡയറക്ടർ ( കുടിവെള്ളം), ശുചിത്വ മിഷൻ
4. ശ്രീ.ജോൺസൺ പ്രേംകുമാർ, പ്രോഗ്രാം ഓഫീസർ (ട്രെയിനിംഗ്), ശുചിത്വ മിഷൻ
5. ശ്രീ.എൻ.ജഗജീവൻ, കൺസൾട്ടന്റ്, ഹരിത കേരളം മിഷൻ.
6. ശ്രീ.ടി.പി.സുധാകരൻ, കൺസൾട്ടന്റ്, ഹരിത കേരളം മിഷൻ
7. ശ്രീ.പി. അജയകുമാർ. ടെക്നിക്കൽ ഓഫീസർ (വേസ്റ്റ് മാനേജ്മെന്റ്), ഹരിത കേരളം മിഷൻ
8. ശ്രീ. വി. രാജേന്ദ്രൻ നായർ, ടെക്നിക്കൽ ഓഫീസർ, ഹരിത കേരളം മിഷൻ.
9. ശ്രീ.അമീർഷാ. ആർ.എസ്, പ്രോഗ്രാം ഓഫീസർ (സി.സി.ഡി.യു), ശുചിത്വ മിഷൻ
10. ശ്രീ. വിധു കൃഷ്ണ, പ്രോഗ്രാം ഓഫീസർ ( ഐ.ടി & ഇ- ഗവർണൻസ്), ശുചിത്വ മിഷൻ
11. ശ്രീമതി. വിനീത വിജയൻ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ശുചിത്വ മിഷൻ
12. സംസ്ഥാനതല നോഡൽ ഓഫീസർമാർ

ഇണ്ടാസ് നമ്പർ. ഇഎ1/149/2017/എച്ച്.ആർ.ഡി തീയതി: 29.08.2018

1. തുടർ നടപടികൾക്കായി എല്ലാ സ്ഥാപനമേധാവികൾക്കും
2. നോഡൽ ഓഫീസർമാർ (സ്ഥാപന മേധാവി മുഖാന്തിരം)
3. ശ്രീ. വി. കെ. വാണീപ്രസാദ്, ഡെപ്യൂട്ടി ഡയറക്ടർ
4. അഡീഷണൽ ഡയറക്ടർ
5. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ഫിനാൻസ് ഓഫീസർ/ഫിനാൻസ് കൺസൾട്ടന്റ് & അഡ്വൈസർ
6. എല്ലാ സെക്ഷൻ മേധാവികൾക്കും
7. കരുതൽ ഫയൽ
8. ഓഫീസ് പകർപ്പ്

29/8

റ്റി.കെ.മാർട്ടിൻ
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
(ഡയറക്ടർക്കു വേണ്ടി)